# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - നെടുമങ്ങാട് നഗരസഭ പുതുതായി നിർമ്മിക്കുന്ന ടൗൺഹാൾ-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം - കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്നും 4,00,00,000/- (നാല് കോടി) രൂപ വായ്പയെടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

===========================================================================

**തദ്ദേശസ്വയംഭരണ (ഡി. ബി) വകുപ്പ്**

സ.ഉ.(സാധാ) നം. 913/13/തസ്വഭവ. തിരുവനന്തപുരം, തീയതി, 05-04-2013

===========================================================================

പരാമർശം:-
1. സ. ഉ (എം.എസ് നം. 147/2009/തസ്വഭവ തീയതി, 29-07-2009.
2. നെടുമങ്ങാട് നഗരസഭയുടെ 19-11-2012-ലെ 1-ാം നമ്പർ കൗൺസിൽ തീരുമാനം.
3. നെടുമങ്ങാട് നഗരസഭാ മുൻസിപ്പൽ സെക്രട്ടറിയുടെ 19-11-2012-ലെ ജി.3/9132/12 നമ്പർ കത്ത്.
4. 26-11-2012-ലെ കെ.യു.ആർ.ഡി.എഫ്.സി മാനേജിംഗ് ഡയറക്ടറുടെ കെ.യു.ആർ.ഡി.എഫ്.സി/യു.എൽ.ബി/357/2012 നമ്പർ കത്ത്.
5. നഗരകാര്യ ഡയറക്ടറുടെ 15-01-2012-ലെ ഡി.സി.3-18663/12 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

നെടുമങ്ങാട് നഗരസഭ പുതുതായി നിർമ്മിക്കുന്ന ടൗൺഹാൾ-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനായി നെടുമങ്ങാട് വില്ലേജിൽ 780/8-1, 780/20, 780/19, 780/17-1 എന്നീ റീസർവ്വേ നമ്പരിലുള്ള 24.92 ആർ സ്ഥലം ജാമ്യമായി നൽകിക്കൊണ്ട് കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്നും 4,00,00,000/- (നാല് കോടി) രൂപ വായ്പയെടുക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (3) (മൂന്ന് )പ്രകാരം നെടുമങ്ങാട് നഗരസഭാ സെക്രട്ടറി സർക്കാരിനോട് അപേക്ഷിച്ചിരുന്നു. ആയത് പരാമർശം (5) (അഞ്ച്) പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. നെടുമങ്ങാട് നഗരസഭയുടെ ടൗൺഹാൾ-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി നെടുമങ്ങാട് വില്ലേജിലുള്ള 780/8-1, 780/20, 780/19, 780/17-1 എന്നീ റീസർവ്വേ നമ്പരിലുള്ള 24.92 ആർ സ്ഥലം ജാമ്യമായി നൽകിക്കൊണ്ട് നിയമാനുസൃത വ്യവസ്ഥകൾ പാലിച്ചുകൊണ്ടും പരാമർശം 1-ലെ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായും 12% പലിശ നിരക്കിൽ 4,00,00,000/- (നാല് കോടി) രൂപ കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്നും വായ്പയെടുക്കുന്നതിന് കേരള ലോക്കൽ അതോറിറ്റീസ് ആക്ട് സെക്ഷൻ (3) പ്രകാരം നെടുമങ്ങാട് നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**സി. വൽസല,**
ജോയിന്റ് സെക്രട്ടറി.

1. നഗരകാര്യ ഡയറക് ടർ, തിരുവനന്തപുരം.
2. സെക്രട്ടറി, നെടുമങ്ങാട് നഗരസഭ.
3. മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.
5. അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ & എ) കേരള, തിരുവനന്തപുരം.
6. ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
7. എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർ മേഷൻ കേരള മിഷൻ, പ്രതീക്ഷ ടവേഴ്സ്, പാങ്ങപ്പാറ, തിരുവനന്തപുരം. (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ